"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉളിക്കൽ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് തയ്യൽ മെഷീൻ വാങ്ങി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1789/2025/LSGD തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:-

1. ഉളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19/05/2025-ലെ കത്തും അനുബന്ധരേഖകളും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ 4.5 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ഉളിക്കൽ ഗ്രാമപഞ്ചായത്ത് 2023-24 വർഷം ഏറ്റെടുത്തതും സ്പിൽ ഓവറായി 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായ പ്രോജക്ട് നമ്പർ 321/26 നമ്പർ പദ്ധതിയായ ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിന് അനുമതി നല്കണമെന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു.

തയ്യൽ മെഷീൻ നല്കുന്നത് മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർക്ക് ആണ് എന്നത് പരിഗണിച്ച് ആയതിന് അനുമതി നല്കി ഉത്തരവാകുന്നു. പരമാവധി യൂണിറ്റ് ചെലവ് 8000/- (എണ്ണായിരം രൂപ മാത്രം) രൂപയിൽ പരിമിതപ്പെടുത്തണം, ജെം പോർട്ടൽ മുഖേനയോ ടെണ്ടർ മുഖേനയോ വേണം തയ്യൽ മെഷീൻ വാങ്ങേണ്ടത്, തയ്യൽ പരിശീലനം പൂർത്തിയായവർക്ക് വേണം തയ്യൽ മെഷീൻ നല്കേണ്ടത് എന്നീ നിബന്ധനകൾ

പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3208572)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 21-07-2025 12:34:51

സെക്ഷൻ ഓഫീസർ.